കൊണ്ട് വളരെയേറെ പ്രവർത്തിക്കുവാൻ ഈ സംഘടനക്ക് കഴിഞ്ഞു. അംഗങ്ങളായ എഴുത്തുകാരുടെ സാഹിത്യകൃതികളും കവർപേജും കാർട്ടൂണും എല്ലാം ഉൾപ്പെടുത്തി ഒരു സുവനീർ പ്രസിദ്ധീകരിച്ചു. നോർത്ത് അമേരിക്കയിലെ സാഹിത്യകാരന്മാരെ സംഘടിപ്പിക്കുകയും സാഹിത്യസമ്മേളനങ്ങൾക്കും ചർച്ചകൾക്കുമുള്ള വേദി ഒരുക്കുകയും ചെയ്യുക എന്ന ലക്ഷ്യമാണ് ഇതിനുള്ളത്. ഹൂസ്റ്റൺ റൈറ്റേഴ്സ് ഫോറവും ന്യൂയോർക്കിലെ സർഗ്ഗവേദിയുമായി സഹകരിച്ച് ഈ ലക്ഷ്യപ്രാപ്തിയിലെത്തുവാൻ ശ്രമിക്കുന്നു. മഹാകവി ജേക്കബ് മനയിൽ, ജോസഫ് നമ്പിമഠം എന്നിവർ ഈ സംഘടനക്ക് നേതൃത്വം നല്കുന്നു.

ന്യൂയോർക്കിലെ സർഗ്ഗവേദി അവിടെ പ്രവർത്തിച്ചുകൊണ്ടിരുന്ന സാഹിതീ സഖ്യത്തിന്റെ വികസിത രൂപമാണ്. ചെറിയാൻ കെ. ചെറിയാൻ, മനോഹർ തോമസ് തുടങ്ങിയവർ നേതൃത്വം കൊടുക്കുന്ന സാഹിതീ സഖ്യത്തിൽ നല്ല സാഹിത്യ ചർച്ചകൾ നടന്നുവരുന്നു.

## മലയാളം ലൈബ്രറികൾ

പുസ്തകങ്ങളുടെ എണ്ണത്തിൽ മുൻനിരയിൽ നില്ക്കുന്നു, ഡാളസിലെ മലയാളം ലൈബ്രറി. കേരള അസോസിയേഷന്റെ ശ്രമഫലമായി രൂപംകൊണ്ട ഈ ലൈബ്രറി വിദേശ മലയാള ലൈബ്രറികളിൽ ഏറ്റവും വലുതാണ്. ഇത് അനുസ്യൂതം വികസിച്ചുകൊണ്ടിരിക്കുന്നു.

അമേരിക്കയിൽ മലയാള സാഹിത്യം വികസനദശയിലാണ്. അമേരിക്കൻ ജീവിതം കൂടുതലായി കഥകളിലൂടെയും നോവലുകളിലൂടെയും കവിതകളിലൂടെയും ചിത്രീകരിക്കപ്പെടുന്നു. സാഹിത്യകൃതികളുടെ മേന്മ മെച്ചപ്പെട്ടുവരുന്നു. ഈടുറ്റ കൂടുതൽ ഗ്രന്ഥശാലകൾ ഉണ്ടാകുകയും വായനാശീലം വളർത്തുകയും ചർച്ചകളും സെമിനാറുകളും കൂടുതൽ സംഘടിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഇവിടത്തെ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കാൻ പത്രമാസികകൾ മുൻകൈ എടുക്കേണ്ടിയിരിക്കുന്നു. എല്ലാ വർഷവും പ്രസിദ്ധീകരിക്കുന്ന മലയാളം കൃതികളുടെ തെരഞ്ഞെടുത്ത സമാഹാരങ്ങൾ പ്രസിദ്ധപ്പെടുത്തേണ്ടത് അമേരിക്കൻ സാഹിത്യസൃഷ്ടികൾ കേരളത്തിൽ പ്രചരിപ്പിക്കുവാനും മലയാള സാഹിത്യത്തിന്റെ ചരിത്രത്തിലെ ഏടുകളാക്കി മാറ്റുവാനും സഹായിക്കും.

## ഒരു കേന്ദ്ര സംഘടന ആവശ്യമോ?

ഹൂസ്റ്റൺ റൈറ്റേഴ്സ് ഫോറത്തിന്റെയും, ഡാളസിലെ കേരള ലിറ്ററി സൊസൈറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ ഹൂസ്റ്റണിൽ കൂടിയ സാഹി